# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3546 — 23.06.2014-ലെ മറുപടിക്ക്

### ജയിലുകളിലും കോടതികളിലും സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ

**ചോദ്യം** — **മറുപടി**

ശ്രീ.എ.കെ.ബാലൻ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ജയിലുകളിലും കോടതികളിലും സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇപ്പോൾ ഉപയോഗിക്കാത്തത് എന്ന് വ്യക്തമാക്കുമോ; | എ) | കണ്ണൂർ ജില്ലയിൽ തലശ്ശേരി സെഷൻ കോടതിയിലും കണ്ണൂർ സെൻട്രൽ പ്രിസണിലും സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ മറ്റു സ്റ്റുഡിയോകളുടെ സിവിൽ ജോലികൾ പൂർത്തിയായി വരുന്നതേയുള്ളു.<br>തിരുവനന്തപുരം സെൻട്രൽ ജയിലിലെ സ്റ്റുഡിയോ 12.5.2014 വരെ പ്രവർത്തനക്ഷമമായിരുന്നു. ബാക്കി സ്റ്റുഡിയോകൾ ചില സാങ്കേതിക കാരണത്താൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| ബി) | ഏതെല്ലാം കോടതികളിലും ജയിലുകളിലുമാണ് പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തിയത്; | ബി) | അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എത്ര രൂപയാണ് ആകെ ചെലവഴിച്ചത്; എന്നാണ് പദ്ധതി ആരംഭിച്ചത്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രവർത്തിച്ച ഏജൻസികൾ ഏതെല്ലാമായിരുന്നു; ഈ ഏജൻസികൾ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോൾ നിശ്ചയിച്ചിരുന്ന വ്യവസ്ഥകൾ പിന്നീട് പാലിക്കാതിരുന്നിട്ടുണ്ടോ; | സി) | വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം 5 ജില്ലകളിൽ ഏർപ്പെടുത്തുന്നതിനായി 3,40,26,261/- രൂപ ചെലവഴിച്ചു. തിരുവനന്തപുരം സെൻട്രൽ ജയിലിൽ 12/06/2010-ലാണ് ടി സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയത്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ നോഡൽ ഏജൻസി NIC, സ്റ്റുഡിയോ നിർമ്മാണം KPHCC, കണക്ടിവിറ്റി BSNL എന്നിവരാണ് വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തിയ ഏജൻസികൾ. ഈ ഏജൻസികൾ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോൾ യാതൊരു വ്യവസ്ഥകളും ജയിൽ വകുപ്പുമായി നിശ്ചയിച്ചിരുന്നില്ല. |

| | | | |
|---|---|---|---|
| ഡി) ഓരോ സ്ഥലത്തും എത്ര പ്രാവശ്യം ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി; സ്ഥാപിച്ചതിനുശേഷം ഒരിക്കൽപോലും ഉപയോഗിക്കാത്ത സ്ഥലങ്ങൾ ഉണ്ടോ; | ഡി) | സെൻട്രൽ ജയിൽ, തിരുവനന്തപുരം - 4961<br>സെൻട്രൽ ജയിൽ, കണ്ണൂർ - 93<br>സെൻട്രൽ ജയിൽ വിയ്യൂർ - 355<br>ജില്ലാ ജയിൽ, കോട്ടയം - 261<br>സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട - 791<br>സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം - 56<br>സബ് ജയിൽ, ചാവക്കാട് - 85<br>സബ് ജയിൽ, മൂവാറ്റുപുഴ - 5<br>സബ് ജയിൽ, മീനച്ചിൽ - 67<br>സബ് ജയിൽ, ആലുവ - 176<br>സബ് ജയിൽ, മട്ടാഞ്ചേരി - 36<br><br>എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ജയിലുകളിലും ആറ്റിങ്ങൽ, എറണാകുളം എന്നീ സബ് ജയിലുകളിലും ഒരിക്കൽപോലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിപ്പിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലാ ജയിലിൽ സ്റ്റുഡിയോ നിർമ്മാണം പൂർത്തീകരിച്ചു വരുന്നതേയുള്ളു. |
| ഇ) ഈ സംവിധാനം ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിരുന്നോ; | ഇ) | ഉദ്യോഗസ്ഥർക്ക് പരിശീലനം NIC നൽകിയിരുന്നു. |
| എഫ്) ഇപ്പോൾ എത്ര സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്; | എ | കണ്ണൂർ സെൻട്രൽ ജയിലിൽ ഈ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നു. |
| ജി) ഉപയോഗിക്കാൻ കഴിയാത്തവ മെയിന്റനൻസ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ഇവ രണ്ടും പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്? | ജി) | ഉപയോഗിക്കാൻ കഴിയാത്തവ മെയിന്റനൻസ് നടത്തുന്നതിനും വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്ത 9 ജില്ലകളിൽ ടി സമ്പ്രദായം ഏർപ്പെടുത്തുന്നതിനുമായി പി.ഡബ്ല്യു.ഡി.യുമായി ജയിൽ വകുപ്പ് കരാറിൽ ഏർപ്പെടുകയും 11.25 കോടി രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |

VBeena

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I. തിരുവനന്തപുരം ജില്ല

| ജയിലുകളുടെ പേര് | കോടതികളുടെ പേര് |
| --- | --- |
| സെൻട്രൽ ജയിൽ, തിരുവനന്തപുരം | കോർട്ട് കോംപ്ലക്സ്, നെയ്യാറ്റിൻകര |
| ജില്ലാ ജയിൽ, തിരുവനന്തപുരം | കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ |
| സബ് ജയിൽ, ആറ്റിങ്ങൽ | കോർട്ട് കോംപ്ലക്സ്, നെടുമങ്ങാട് |
| | കോർട്ട് കോംപ്ലക്സ്, ആറ്റിങ്ങൽ |

## II. കോട്ടയം ജില്ല

| | |
| --- | --- |
| ജില്ലാ ജയിൽ, കോട്ടയം | ജില്ലാ കോർട്ട് കോംപ്ലക്സ്, കോട്ടയം |
| സബ് ജയിൽ, പൊൻകുന്നം | JFCM കോടതി, ഏറ്റുമാനൂർ |
| സബ് ജയിൽ, മീനച്ചിൽ | JFCM കോടതി, പാല |
| | JFCM കോടതി, ഈരാറ്റുപേട്ട |
| | JFCM കോടതി, കാഞ്ഞിരപ്പള്ളി |
| | ജില്ലാ കോർട്ട്കോംപ്ലക്സ്ചങ്ങനാശ്ശേരി |
| | JFCM കോടതി, വൈക്കം |

## III. എറണാകുളം ജില്ല

| | |
| --- | --- |
| സബ് ജയിൽ, എറണാകുളം | ജില്ലാ കോർട്ട് കോംപ്ലക്സ്, എറണാകുളം |
| സബ് ജയിൽ, മട്ടാഞ്ചേരി | JFCM കോടതി, ആലുവ |
| സബ് ജയിൽ, മൂവാറ്റുപുഴ | JFCM കോടതി, പെരുമ്പാവൂർ |
| സബ് ജയിൽ, ആലുവ | JFCM കോടതി, കൊച്ചി |
| ജില്ലാ ജയിൽ, എറണാകുളം | |

IV. തൃശ്ശൂർ ജില്ല

| | |
|---|---|
| സെൻട്രൽ ജയിൽ, വിയ്യൂർ | ജില്ലാ കോർട്ട് കോംപ്ലക്സ്, |
| സബ് ജയിൽ, ഇരിങ്ങാലക്കുട | JFCM കോടതി, വടക്കാഞ്ചേരി |
| സബ് ജയിൽ, ചാവക്കാട് | കോർട്ട് കോംപ്ലക്സ്, ഇരിങ്ങാലക്കുട |
| | JFCM കോടതി, ചാലക്കുടി |
| | JFCM കോടതി, കൊടുങ്ങല്ലൂർ |
| | JFCM കോടതി, ചാവക്കാട് |
| | JFCM കോടതി, കുന്നംകുളം |
| | JFCM കോടതി, ഇരിങ്ങാലക്കുട |

V. കണ്ണൂർ ജില്ല

| | |
|---|---|
| സെൻട്രൽ ജയിൽ, കണ്ണൂർ | JFCM I കോടതി, കണ്ണൂർ |
| സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ | JFCM II കോടതി, കണ്ണൂർ |
| സ്പെഷ്യൽ സബ് ജയിൽ, തലശ്ശേരി | JFCM കോടതി, പയ്യന്നൂർ |
| വനിതാ ജയിൽ, കണ്ണൂർ | JFCM കോടതി, തളിപ്പറമ്പ് |
| | JFCM കോടതി, മട്ടന്നൂർ |
| | JFCM കോടതി, കൂത്തുപറമ്പ് |
| | സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, കോടതി തലശ്ശേരി |
| | കോർട്ട് കോംപ്ലക്സ്, തലശ്ശേരി |
| | പ്രിൻസിപ്പൽ അസിസ്റ്റന്റ് സെഷൻസ്, കോർട്ട് തലശ്ശേരി |

സെക്ഷൻ ഓഫീസർ